


ഏകാധിപതിയായ സർക്കാരും ലാഭക്കൊതിപൂണ്ട കമ്പനികളും ഒപ്പം നിശബ്ദമാക്കപ്പെട്ട പൊതുസമൂഹവും ചേർന്ന് ഒരു പരിസ്ഥിതിഹത്യ

# ഗുജറാത്ത്: പ്രകൃതിയുടെ പേടിസ്വപ്നം

എസ്. ഫെയ്സി

പരിഭാഷ : കെ. ആർ. അജിതൻ

ഗുജറാത്തിലെ വ്യവസായ പ്രമുഖരെല്ലാം സർക്കാരനോട് വളരെയധികം കൃതാർത്ഥരാണ്. അത്രയധികം സൗകര്യങ്ങളാണ് വ്യവസായവൽക്കരണത്തിന്റെ പേരിൽ, പാവം നികുതി ദായകരുടെ ചെലവിൽ സർക്കാർ ചെയ്തുകൊടുക്കുന്നത്. കമ്പനികളുടെ ലാഭക്കൊതിയും സർക്കാരിന്റെ ഏകാധിപത്യവും പരിസ്ഥിതിയെ ഭീകരമായ പേക്കിനാവായി മാറ്റുമ്പോൾ സാധാരണ ജനത്തിന് ഒന്നും ചെയ്യാനാകുന്നില്ല. ക്രിയാത്മക പ്രതിപക്ഷത്തിന്റെ അഭാവം സ്ഥിതി തുടുതൽ വഷളാക്കുന്നു. നിശ്ശബ്ദമാക്കപ്പെട്ട് പൊതുസമൂഹം കൂടിയാകുമ്പോൾ ചിത്രം പൂർണ്ണമായി.

ലോകത്തിലെ മറ്റ് മഹാനഗരങ്ങളെപ്പോലെ അഹമ്മദാബാദും ഒരു നദിയുടെ വരദാനമാണ്. പക്ഷേ ഇന്ന് സബർമതി നദി, റിയൽ എസ്റ്റേറ്റ് കമ്പനികൾക്കായി നികത്തപ്പെടട്ടു കൊണ്ടിരിയ്ക്കുകയാണ്. ആസൂത്രിത നികത്തലിലൂടെ നശിപ്പിയ്ക്കപ്പെടുന്ന ലോകത്തിലെ ആദ്യത്തെ നദിയാകാം സബർമതി. ഏകദേശം മൂന്നു വർഷങ്ങൾക്കു മുമ്പ്, ബുൾഡോസറുകൾ സബർമതി ആശ്രമത്തിന്റെ മതിലുകൾ നദിയിലേക്ക് വലിച്ചെടുക്കുന്നതുകണ്ട് വിറങ്ങലിച്ചുനിന്ന ദോക്സാക്ഷികളിലൊരാളാണ് ഞാൻ. നദിയോടൊപ്പം അന്ന് അപ്രത്യക്ഷമായത് ലക്ഷക്കണക്കിന് ദരിദ്ര നാരായണൻമാരുടെ ജീവിതം കൂടിയാണ്. കമ്പനികളും അവരുടെ രാഷ്ട്രീയചാർച്ചക്കാരും കൂടെ ഈ നദിയുടെ മൃതഭൂമിയിൽ ഒരു മഹാസംരംഭം തന്നെ കെട്ടിപ്പടുക്കുമായിരിക്കാം. പക്ഷേ ആ സംരംഭം പരിസ്ഥിതിയോടു മാത്രമല്ല, മുഴുവൻ മനുഷ്യ സംസകൃതിയോടുള്ള വെല്ലുവിളിയായി നിലനില്ക്കുകയേ ഉള്ളൂ.

പശ്ചിമഘട്ടവും വിന്ധ്യാസാത്പുരാ നിരകളും ആരവല്ലി പർവ്വതനിരയും നെയ് കിഴക്കു മൂലയിൽനിന്നു തുടങ്ങി വടക്കു കിഴക്കേ മുനമ്പിലൂടെ ഗുജറാത്തിൽ അവസാനിയ്ക്കുന്നു. വിവിധ തരം ജന്തു -സസ്യജാലങ്ങളുടെ സമ്പുഷ്ടസമ്മേളനമാണ് ഇത് സംസ്ഥാനത്തിന് കാഴ്ചവയ്ക്കുന്നത്. രാജ്യത്തിന്റെ കശേരു ജന്തുക്കളിൽ 27 ശതമാനവും ഗുജറാത്തിന്റെ സംഭവാനയാണ്. എന്നാൽ ദേശീയ വനനയം ശരാശരി 33 ശതമാനം രാജ്യമാകെ വനവത്കരണം വിഭാവനം ചെയ്യുമ്പോൾ, ഗുജറാത്ത് അത് 7.7 ശതമാനമാക്കി കുറച്ചു. 1980 നും 2005 നും ഇടയിൽ 546 ച.കി.മീ വനം ഔദ്യോഗികമായി നശിപ്പിയ്ക്കപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്. വർദ്ധിച്ചുവരുന്ന വനനശീകരണത്തിന്റെ ഫലമായുണ്ടാകുന്ന മറ്റൊരു പ്രവണത മനുഷ്യരോടുള്ള പ്രത്യേകിച്ച് ആദിവാസികളോടുള്ള കാട്ടുമൃഗങ്ങളുടെ ആക്രമണമാണ്. 2000നും 2005 നും ഇടയിൽ അമ്പതിലധികം പേർ ഇങ്ങനെ കൊല്ലപ്പെട്ടതായും ഏകദേശം എണ്ണൂറിലധികം പേർക്ക് പരിക്ക് പറ്റിയിട്ടുള്ളതായും ഔദ്യോഗികരേഖകൾ പറയുന്നു. ആക്രമണകാരികൾ കൂടുതലും ആവാസസ്ഥലം നഷ്ടപ്പെട്ട പുള്ളിപ്പുലികളും കരടിപ്പുലികളുമായിരുന്നു എന്നത് ശ്രദ്ധിക്കുക.

വനനശീകരണത്തിനും, ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജനങ്ങൾ വഴിയാധാരമാകുന്നതിനും പ്രധാന കാരണം വ്യവസായവത്കരണമാണ്. ലോഭമില്ലാത്ത ഖനനം ബാലറാം അമ്പാടി, നാരായണ സരോവർ തുടങ്ങിയ സംരക്ഷിത മേഖലകളെപ്പോലും വിഴുങ്ങിക്കഴിഞ്ഞു. ദേശാടനപ്പക്ഷികളുടെ സ്വർഗ്ഗമായതിനാൽ സരോവർ ഡാമിനെപ്പറ്റി ഇപ്പോൾ റിയൽ എസ്റ്റേറ്റ് വൃത്തങ്ങളിൽ സംസാരമുണ്ട്. നർമ്മദാനദിയിലെ സർദാർ സരോവർ ഡാമിനെപ്പറ്റി അതിനോടുള്ള പ്രതിഷേധം കാരണം എല്ലാവർക്കും അറിയാമെങ്കിലും സംസ്ഥാനത്ത് മറ്റ് 230 ഡാമുകളുണ്ടെന്നും അവയ്ക്കടിയിൽ മുങ്ങിപ്പോയത് ഒരു കാലത്ത് വനപ്രദേശമായിരുന്ന 1400ച.കി.മീ സ്ഥലമാണെന്നും അധികമാർക്കും അറിവുണ്ടാകണമെന്നില്ല. ഡാമുകൾ, വനം നശിപ്പിക്കുക മാത്രമല്ല, നദികളിൽ പാരിസ്ഥിതികഅപഭ്രംശം സംഭവി

ലോകത്ത് മററൊരിടത്തും കാണാത്ത പാരിസ്ഥിതിക ദുരന്തം, കാലപ്സർ പദ്ധതി ഇപ്പോൾ രൂപം കൊണ്ടു വരികയാണ്. നർമ്മദ, മാഹി, സബർമതി, ദാധർ എന്നി നദികൾ കടലിൽ ചേരുന്ന ഖംഭാത് കടലിടുക്കിൽ അണക്കെട്ടുപണിത് രണ്ടായിരം ച.കി.മീ വിസ്തീർണ്ണമുള്ള ശുദ്ധജലതടാകം നിർമ്മിക്കുക എന്നതാണ് അത്. 660 കി.മീ നീളത്തിൽ തോടുപണിത് സൗരാഷ്ട്രയിലെ വ്യവസായങ്ങൾക്ക് ഇവിടനിന്നും വെള്ളമെത്തിയ്ക്കാനാണ് പരിപാടി. റെയിൽവേട്രിക്കും വിസ്തൃതമായ റോഡുകളും 64 കിമീ യുള്ള ഡാമിനുമുകളിൽ പണിയാൻ പദ്ധതിയുണ്ട്. തിരമാലവൈദ്യുത ഉൽപാദനപരിപാടി വേറെ. ഒരു ലക്ഷം കോടി രൂപ പണച്ചെലവുള്ള ഈ ഖംഭാത് ഗൾഫ് വികസന പദ്ധതിയുടെ നടത്തിപ്പിനായി "കാലപ്സർ' വകുപ്പുതന്നെ സ്ഥാപിച്ചുകഴിഞ്ഞു. പൊതുജനശ്രദ്ധ ഇനിയും പതിഞ്ഞിട്ടില്ലാത്ത ഈ പദ്ധതി ഗൾഫ് മേഖലയിലെ സമുദ്രോല്പന്നങ്ങളും കണ്ടൽ ക്കാടുകളും നശിച്ചുപോകുമെന്ന കാര്യത്തിൽ സംശയമില്ല.

പ്പിച്ച് കൃഷിയിടങ്ങളിലെ ലവണാംശത്തിന്റെ തോതുകൂടി ഭൂമി വന്ധ്യയാക്കപ്പെട്ടു. പ്രബലമായ സംയോജിത ജലസേചനപദ്ധതിയുള്ളതിനാൽ ഈ ലവണാംശം സംസ്ഥാനത്തിന്റെ മുഴുവൻ കാർഷികഭൂമിയ്ക്കുതന്നെ ഭീഷണിയായിരിയ്ക്കുകയാണിപ്പോൾ. നാനൂറിലധികം ജലാശയങ്ങൾ (നദികൾ കൂടാതെ) സംസ്ഥാനത്തിലെ രണ്ടായിരത്തിലധികം ച.കി.മീ സ്ഥലത്ത് നനച്ചെടുക്കുമ്പോഴാണ് ഈ കൃത്രിമജലസേചനതോടുകൾ നിർമ്മിച്ചെടുത്തത് എന്നത് വിരോധാഭാസമായി തോന്നാം.

ലോകത്ത് മറ്റൊരിടത്തും കാണാത്ത പാരിസ്ഥിതിക ദുരന്തം, കാലപ്സർ പദ്ധതി, ഇപ്പോൾ രൂപം കൊണ്ടു വരികയാണ്. നർമ്മദ, മാഹി, സബർമതി, ദാധർ എന്നി നദികൾ കടലിൽ ചേരുന്ന ഖംഭാത് കടലിടുക്കിൽ അണക്കെട്ടുപണിത് രണ്ടായിരം ച.കി.മീ വിസ്തീർണ്ണമുള്ള ശുദ്ധജലതടാകം നിർമ്മിക്കുക എന്നതാണ് അത്. 660 കി.മീ നീളത്തിൽ തോടുപണിത് സൗരാഷ്ട്രയിലെ വ്യവസായങ്ങൾക്ക് ഇവിടനിന്നും വെള്ളമെത്തിയ്ക്കാനാണ് പരിപാടി. റെയിൽവേട്രിക്കും വിസ്തൃതമായ റോഡുകളും 64 കിമീ യുള്ള ഡാമിനുമുകളിൽ പണിയാൻ പദ്ധതിയുണ്ട്. തിരമാലവൈദ്യുത ഉൽപാദനപരിപാടി വേറെ. ഒരു ലക്ഷം കോടി രൂപ പണച്ചെലവുള്ള ഈ ഖംഭാത് ഗൾഫ് വികസന പദ്ധതിയുടെ നടത്തിപ്പിനായി 'കാലപ്സർ' വകുപ്പുതന്നെ സ്ഥാപിച്ചുകഴിഞ്ഞു. പൊതുജനശ്രദ്ധ ഇനിയും പതിഞ്ഞിട്ടില്ലാത്ത ഈ പദ്ധതി ഗൾഫ് മേഖലയിലെ സമുദ്രോല്പന്നങ്ങളും കണ്ടൽക്കാടുകളും നശിച്ചുപോകുമെന്ന കാര്യത്തിൽ സംശയമില്ല. രാഷ്ട്രീയത്തിലെ ഏകാധിപത്യവും വ്യവസായലാഭേച്ഛയും ഒത്തുചേരുമ്പോൾ അസംബന്ധത്തിന്റെ അതിരുകൾ കുടുതൽ വിശാലമാകുന്നു.

ഖംഭാത് കടലിടുക്കിലെ അലാംഗ്തീരം ഇപ്പോൾത്തന്നെ അപകടകരമായ വിധത്തിൽ മലിനീകരിയ്ക്കപ്പെട്ടിട്ടുണ്ട്. ലോകത്തിലെമ്പാടുനിന്നും ഉപയോഗശൂന്യമായ കപ്പലുകളെ പൊളിയ്ക്കാൻ കൊണ്ടിടുന്ന ഇവിടം നഗരങ്ങളിലെവിടെയൊക്കെയോ ഉള്ള ചിലരെ കൂടുതൽ പണക്കാരാക്കുന്നുണ്ടായിരിയ്ക്കാം. പക്ഷേ ഈ കപ്പലുകളുപേക്ഷിക്കുന്ന അവശിഷ്ടങ്ങൾ കടൽത്തീരത്തേയും നൂറുകണക്കിന് ജോലിക്കാരേയും ദുരിതത്തിലാഴ്ത്തുകയാണ്. മാരകവിഷബാധയുള്ള 'ലെ ക്ലേമൻസ്യൂ" എന്ന കപ്പൽ ഇങ്ങോട്ടുകൊണ്ടുവന്നു പൊളിയ്ക്കാമെന്ന് ഗുജറാത്ത് സർക്കാർ തന്നെ ആവശ്യപ്പെട്ടത് എന്തൊരു നാണക്കേടാണ്. അന്തർ ദേശീയ പ്രതിഷേധത്തെ തുടർന്ന് ഈ കപ്പലിനെ ഫ്രഞ്ച് സർക്കാരിന് അവരുടെ രാജ്യത്തേക്കുതന്നെ തിരിച്ചുവിളിയ്ക്കേണ്ടി വന്നു.

മലിനീകരണ കേന്ദ്രീകരണത്തിന്റെ അലാംഗ് തീരം ഒറ്റപ്പെട്ട പ്രദേശമല്ല. ബറോഡക്കടുത്തുള്ള നാല്പതു വർഷത്തിലധികം പഴക്കമുള്ള പ്രദേശം വ്യവസായ മേഖല, മാരകമലിനീകരണത്തിന്റെ മറ്റൊരു ഉദാഹരണമാണ്. വലിയൊരു ഭൂവിഭാഗത്തിലെ കുടിവെള്ളം മുഴുവൻ നശിപ്പിച്ചതിനു പുറമേ ഒരിയ്ക്കൽ ഫലഭൂയിഷ്ഠമായിരുന്ന കൃഷിസ്ഥലങ്ങൾ മുഴുവൻ തരിശാക്കിക്കളഞ്ഞു അത്. മിനി, മാഹി എന്നീ നദികളും ഇവിടത്തെ മലിനീകരണത്തിന്റെ രക്തസാക്ഷികളാണ്. വംശനാശം നേരിടുന്ന ഇന്ത്യൻ സോഫ്റ്റ് എന്നറിയപ്പെടുന്ന ആമകൾ മുഴുവൻ ഈ നദികളിൽനിന്നും ഇപ്പോൾ അപ്രത്യക്ഷമായിക്കഴിഞ്ഞു. അങ്കലേശ്വറിലേയും വാഷിയിലേയും കഥകളും വ്യത്യസ്ഥമല്ല. സംസ്ഥാനത്തെ എഴുപതിലധികം താലൂക്കുകളിലെ വെള്ളം മുഴുവൻ മലിനമാണെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു.

ആധുനികഗുജറാത്ത് ഇന്ന് പരിസ്ഥിതിദുരന്തത്തിന്റെ ആഘോഷങ്ങളിലാണ്. ജനുവരിയിലെ ഉത്തരായനദിനത്തിൽ ആഘോഷിക്കുന്ന പട്ടംപറത്തൽ ഉത്സവം പക്ഷികളുടെ കൂട്ടക്കൊലയിലാണവസാനിക്കുക. മറ്റുള്ള പട്ടങ്ങളുടെ ചരടറുക്കാൻ വേണ്ടി ചില്ലുപൊടിക്കൂട്ടിത്തിരുമ്മിയ പട്ടച്ചരടുകൾ നിസ്സഹായരായ പക്ഷികളുടെ ശരീരത്തെയാണ് പിച്ചിച്ചീന്തുന്നത്. അഹമ്മദാബാദിൽ മാത്രം 2005ൽ ഏകദേശം അയ്യായിരത്തിലധികം പക്ഷികളാണ് കൊല്ലപ്പെട്ടത്. അടുത്ത വർഷം കൊല്ലപ്പെട്ട പക്ഷികളുടെ കണക്കിൽ പതിനാറുവെള്ളവരയൻ കഴുകന്മാരും ഉൾപ്പെട്ടിരുന്നു. വന്യജീവി സംരക്ഷണനിയമത്തിലെ 1-ാം ഷെഡ്യൂൾ പ്രകാരം വംശനാശഭീഷണിമൂലം അടിയന്തരശ്രദ്ധ ആവശ്യപ്പെടുന്ന പക്ഷിയാണിത് എന്നോർക്കണം. പക്ഷികളെ വളരെ ഗൗരവ

ത്തോടെ സംരക്ഷിച്ചിരുന്ന ഒരു ജനതയാണ് ഇപ്പോൾ അവയുടെ തന്നെ ഘാതകരായതെന്നാണ് ഏറെ രസകരം.

നർമ്മദാപരിസ്ഥിതിദുരന്തത്തെക്കുറിച്ച് ഇപ്പോൾ ഞാനൊന്നും പറയുന്നില്ല. എങ്കിലും അതിനടുത്തുള്ള ഗൂർപനേശഅവർ വന്യസങ്കേതത്തെ കുറിച്ച് പറയാതെ വയ്യ. നവംബർ 13, 2000 ലെ വിധിപ്രകാരം വനസംരക്ഷണനിയമത്തിൻ കീഴിൽ മുൻകാലസമ്മതമുണ്ടെങ്കിൽ കൂടി വനേതര-പ്രവൃത്തികൾ പാടില്ലെന്നത് സുപ്രീം കോടതി അഭിപ്രായപ്പെട്ടത് സങ്കേതത്തെ പരാമർശിച്ചാണ്. ഇവിടത്തെ ഉത്സാഹിയായ ഒരു ഫോറസ്റ്റാപ്പീസർ എന്നോട് പറഞ്ഞത് സർദാർ സരോവർ അണക്കെട്ടു വന്നപ്പോൾ സങ്കേതത്തിന്റെ നല്ലൊരു ഭാഗംതന്നെ മുങ്ങിപ്പോയെന്നാണ്. എന്നാൽ ഗാന്ധിനഗറിലെ അധികൃർ ഇതു സമ്മതിക്കുന്നില്ല. ഒന്നുകിൽ സ്ഥലം ഒന്നും നഷ്ടപ്പെട്ടിട്ടില്ലെന്നും അഥവാ മുങ്ങിപ്പോയിട്ടുണ്ടെങ്കിൽതന്നെ അത് കേന്ദ്രാനുമതിയോടുകൂടിയാണെന്നുമാണ് അവരുടെ വാദം. ഏതായാലും ഈ സംഗതി, സുപ്രീംകോടതി നിയമിച്ച കേന്ദ്രകമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായില്ല..

ഇതെല്ലാം അർത്ഥമാക്കുന്നത് സംസ്ഥാനത്ത് രൂപംകൊണ്ടുവരുന്ന സവിശേഷമായ സാമ്പത്തിക സമ്പന്നതയെയാണ് 2007 മാർച്ചിൽ സംസ്ഥാന മുഖ്യമന്ത്രി മിയമസഭയിൽ പറഞ്ഞതുപ്രകാരം 148 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് വാരിക്കോരി സഹായം നല്കുന്ന സർക്കാർ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് ചില്ലിക്കാശുപോലും നഷ്ടപരിഹാരം നല്കിയിട്ടില്ല. 2006 ലെ ദേശീയ കുടുംബ ആരോഗ്യ സർവേപ്രകാരം അനീമിയ ബാധിച്ച സ്ത്രീകളുടെ അനുപാതം 1999ലെ 46.3% ൽനിന്നും 2004 ൽ 55.5ഞ്ഞ ലേക്കു വർദ്ധിച്ചിട്ടുണ്ട്. ധനത്തിന്റേയും ദാരിദ്ര്യത്തിന്റെയും ധ്രുവീകരണം ഗുജറാത്തിൽ വ്യക്തമായി അനുഭവപ്പെടുന്നു— —

സംസ്ഥാനത്തെ പ്രകൃതിസമ്പത്ത് അത്യാഗ്രഹികളായ കോർപറേറ്റ് ലാഭക്കൊതിയന്മാർ കാർന്നുതിന്നുമ്പോൾ മഹാത്മാഗാന്ധിയുടെ ജന്മദേശത്ത്, പാരിസ്ഥിതിക സന്തുലനം പിടിച്ചുനിർത്താൻ എളുപ്പമാവില്ല. അതിനുള്ള ദേശീയ സമരം ഇനിയും വൈകിക്കൂടാ. മറ്റുള്ള പല സംസ്ഥാനങ്ങളും ഗുജറാത്തിനെ പല രംഗങ്ങളിലും മാതൃകയാക്കാൻ വെമ്പൽ കൊണ്ടു നില്ക്കുന്ന ഈ സന്ദർഭത്തിൽ പ്രത്യേകിച്ചും.

*(അവലംബം : www.countercurrent.org)*


# MSW

Enroll at one of the leading schools of social work in South India

## MASTER OF SOCIAL WORK

- Member, International Association of Schools of Social Work.
- Academic tie-up with the University of Utah USA, University of Texas at Arlington USA, Rust College Mississippi USA and Mid Sweden University Sweden.
- School of Social Work @ Marian is recognized as a Centre for Doctoral Research under MG University
- Earn additional diploma from IGNOU and PG Diplomas in Clinical and Development Social Work.
- 3 months international internships.
- Fee structure as per MG University norms.


**Unmatched Infrastructure with wi-fi networked campus and hostels, Well-equipped Library & Faculty Resources.**

**Specializations:** Medical & Psychiatric Social Work ▸ Rural & Urban Community Development ▸ Family & Child Welfare.

**Eligibility:** Bachelors degree with 50% marks in arts or 55% marks in Science/ Commerce. Final year degree students are also eligible to apply.

**Additional features:** Scholarships ▸ International visiting faculty ▸ Direct exposure for students in partnership projects with reputed organizations ▸ International certificate programmes ▸ Co-educational and fully residential ▸ Pleasant climate ▸ 100% placement record.

**For details call:**
9447200702, 9744003692, 9447327734
www.mariancollege.org



NAAC accredited AICTE approved

**marian college kuttikkanam**
Affiliated to MG University, Kottayam and Managed by the Catholic Diocese of Kanjirappally.
Peermade-685 531, Kerala, India.
Ph: 91-4869 232203, 233601. Fax: 91-4869 232438. E-mail: mswdirector@mariancollege.org

Other courses: MMH, MCA, M.Com , BBA, BCA, B.Com.